ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:12-05.2025**

## പ്രധാനവാർത്തകൾ

1. ഇന്ത്യ - പാകിസ്ഥാൻ അതിർത്തിയിലെ വെടിനിർത്തൽ സംബന്ധിച്ച സൈനികതല ചർച്ച ഇന്ന്; ചർച്ചയ്ക്ക് മുന്നോടിയായി ഉന്നതതലയോഗം വിളിച്ചു ചേർത്ത് പ്രധാനമന്ത്രി.

2. രാജ്യാതിർത്തിയിൽ സ്ഥിതിഗതികൾ ശാന്തം; ജാഗ്രത തുടർന്ന് ഇന്ത്യൻ സൈന്യം.

3. ഇന്ത്യ - പാകിസ്ഥാൻ സംഘർഷത്തെ തുടർന്ന് താൽക്കാലികമായി അടച്ചിരുന്ന 32 വിമാനത്താവളങ്ങൾ തുറക്കാൻ തീരുമാനം.

4. ഇന്ത്യ - പാക് സംഘർഷങ്ങൾക്ക് അയവ് വന്നതിനെ തുടർന്ന് ഇന്ത്യൻ ഓഹരി വിപണികളിൽ വൻ കുതിപ്പ്.

5. ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച് ഇന്ത്യയുടെ ബാറ്റിങ് വിസ്മയം വിരാട് കോലി.

6. നഴ്സിംഗ് മേഖലയുടെ പുരോഗതിക്ക് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നതെന്ന് ആരോഗ്യ മന്ത്രി വീണ ജോർജ്; സംസ്ഥാനതല നഴ്സിംഗ് ദിനാചരണം മന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും.

PNU TVPM

&&&&&&&&&&&&&&&&&&&&&&&

## ഇന്ത്യൻ സൈന്യം

രാജ്യാതിർത്തിയിൽ സ്ഥിതിഗതികൾ ശാന്തമായി തുടരുന്നു. ജമ്മു കശ്മീരിലും അന്താരാഷ്ട്ര അതിർത്തിയിലെ മറ്റ് പ്രദേശങ്ങളിലും കഴിഞ്ഞ രാത്രിയിൽ സാഹചര്യം ഏറെക്കുറെ സമാധാനപരമായിരുന്നതായി ഇന്ത്യൻ സൈന്യം അറിയിച്ചു. ഇതുവരെ അനിഷ്ട സംഭവങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

&&&&&&&&&&&&&&&&&&&&&&&

## രാജീവ് ഘായ് ( ഇൻട്രോ )

ഇന്ത്യ - പാകിസ്ഥാൻ അതിർത്തിയിൽ വെടിനിർത്തൽ ഏർപ്പെടുത്തുന്നതിന്റെ വിശദാംശങ്ങൾ തീരുമാനിക്കാനുള്ള ചർച്ച ഇന്ന്. ഇന്ത്യൻ സൈന്യത്തിന്റെ മിലിട്ടറി ഓപ്പറേഷൻസ് ഡയറക്ടർ ജനറൽ, ലെഫ്റ്റനന്റ് ജനറൽ രാജീവ് ഘായ് പാകിസ്ഥാൻ ഡി.ജി.എം.ഒ യുമായി ചർച്ച നടത്തും. ചർച്ചയ്ക്ക് മുന്നോടിയായി പ്രധാനമന്ത്രിയുടെ വസതിയിൽ അല്പം മുൻപ് ഉന്നതതല യോഗം ചേർന്നു. സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാൻ, മൂന്ന് സായുധ സേനയുടെയും മേധാവികൾ, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ എന്നിവർ പങ്കെടുത്തു. അതേസമയം, പാകിസ്ഥാനിലെ ഭീകര കേന്ദ്രങ്ങൾ മാത്രമാണ് ഇന്ത്യ ലക്ഷ്യമിട്ടതെന്ന് ലെഫ്റ്റനന്റ് ജനറൽ രാജീവ് ഘായ് ഇന്നലെ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

**വിശദാംശങ്ങളിലേക്ക്.......**

**( വോയിസ്....)**

## രാജീവ് ഘായ് ( വോയിസ് )

RNU TVPM

ഓപ്പറേഷൻ സിന്ദൂറിന്റെ ഭാഗമായി പാകിസ്ഥാനിലെയും പാക് അധീന കശ്മീരിലെയും ഒൻപത് ഭീകര കേന്ദ്രങ്ങളിൽ നടത്തിയ ആക്രമണങ്ങളിൽ നൂറിലധികം ഭീകരരെ വധിച്ചതായി ഇന്ത്യൻ സൈന്യത്തിന്റെ മിലിട്ടറി ഓപ്പറേഷൻസ് ഡയറക്ടർ ജനറൽ ലെഫ്റ്റനന്റ് ജനറൽ രാജീവ് ഘായ് അറിയിച്ചു. ഐസി 814 വിമാനം തട്ടിയെടുത്ത സംഭവത്തിനും പുൽവാമ സ്ഫോടനത്തിലും ഉൾപ്പെട്ട യൂസഫ് അസ്ഹർ, അബ്ദുൾ മാലിക് റൗഫ്, മുദാസിർ അഹമ്മദ് തുടങ്ങിയ ഭീകരരും കൊല്ലപ്പെട്ടവരിൽ ഉൾപ്പെടുന്നു. ഭീകരതയ്ക്ക് നേതൃത്വം നൽകുന്നവർക്കും ആക്രമണങ്ങൾ ആസൂത്രണം ചെയ്യുവർക്കും തക്കതായ ശിക്ഷ നടപ്പാക്കാനും ഭീകര അടിസ്ഥാന സൗകര്യങ്ങൾ നശിപ്പിക്കാനുമാണ് സൈന്യം ലക്ഷ്യമിട്ടതെന്ന് DGMO വാർത്താസമ്മേളനത്തിൽ പറഞ്ഞു. അതിർത്തിയിലെ വെടിനിർത്തൽ ധാരണ സംബന്ധിച്ച് പാകിസ്ഥാനുമായി ചർച്ച നടത്തുമെന്നും അദ്ദേഹം ഇന്നലെ അറിയിച്ചു.

( വോയിസ് ബൈറ്റ്....)

RNU TVPM

മെയ് 7 നും 10 നും ഇടയിൽ നിയന്ത്രണരേഖയിൽ ഉണ്ടായ വെടിവയ്പ്പിൽ പാകിസ്ഥാൻ സൈന്യത്തിന് ഏകദേശം 35 മുതൽ 40 വരെ സൈനികരെ നഷ്ടപ്പെട്ടതായി ഡി.ജി.എം.ഒ പറഞ്ഞു. പാകിസ്ഥാൻ ഏതെങ്കിലും തരത്തിലുള്ള ലംഘനം നടത്തിയാൽ ശക്തമായി തിരിച്ചടിക്കാൻ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി സൈനിക കമാൻഡർമാർക്ക് പൂർണ അധികാരം നൽകിയിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ഓപ്പറേഷൻ സിന്ദൂറിനിടെ വീരമൃത്യു വരിച്ച ഇന്ത്യയുടെ അഞ്ച് സൈനികർക്കും ആക്രമണങ്ങളിൽ കൊല്ലപ്പെട്ട സാധാരണക്കാർക്കും ലെഫ്റ്റനന്റ് ജനറൽ രാജീവ് ഘായ് ആദരാഞ്ജലികൾ അർപ്പിച്ചു. ന്യൂസ്ഡെസ്ക് ആകാശവാണി.......

&&&&&&&&&&&&&&&&&&&&&&

## വിമാനത്താവളം

രാജ്യത്ത് താൽക്കാലികമായി അടച്ചിരുന്ന താൽക്കാലികമായി അടച്ചിരുന്ന 32 വിമാനത്താവളങ്ങൾ തുറക്കാൻ തീരുമാനം. ഇന്ത്യ - പാകിസ്ഥാൻ വെടിനിർത്തൽ പ്രഖ്യാപനത്തിനു പിന്നാലെയാണ് തീരുമാനം.

&&&&&&&&&&&&&&&&&&&&&&

## എ.കെ.ഭാരതി

പാകിസ്ഥാൻ വിമാനങ്ങൾ അതിർത്തിക്കുള്ളിൽ പ്രവേശിക്കുന്നത് ഇന്ത്യൻ സൈന്യം തടഞ്ഞതായി വ്യോമസേനാ ഡയറക്ടർ ജനറൽ എയർ മാർഷൽ എ.കെ.ഭാരതി. ബഹാവൽപൂരിലെയും മുറിദ്കെയിലെയും കുപ്രസിദ്ധ തീവ്രവാദ പരിശീലന ക്യാമ്പുകളാണ് ഇന്ത്യൻ വ്യോമസേന ലക്ഷ്യമിട്ടതെന്ന് അദ്ദേഹം പറഞ്ഞു. വളരെ ശ്രദ്ധാപൂർവ്വം കൃത്യതയോടെയാണ് വ്യോമസേന ലക്ഷ്യങ്ങൾ തിരഞ്ഞെടുത്തത്. അതേസമയം, രാജ്യത്തെ ജനവാസ മേഖലയും സൈനിക കേന്ദ്രങ്ങളും ലക്ഷ്യം വച്ച് പറന്ന പാകിസ്ഥാൻ ഡ്രോണുകൾ വിജയകരമായി തടഞ്ഞതായും എയർ മാർഷൽ എ.കെ.ഭാരതി വ്യക്തമാക്കി.

RNU TVPM

&&&&&&&&&&&&&&&&&&&&&&

## എ.എൻ.പ്രമോദ്

വടക്കൻ അറബിക്കടലിൽ നിർണ്ണായക സ്ഥാനങ്ങളിൽ വിന്യസിച്ചിരിക്കുന്ന നാവിക സേന ഏതു ആക്രമണങ്ങളെയും പ്രതിരോധിക്കാൻ സജ്ജമാണെന്ന് നാവിക ഓപ്പറേഷൻസ് ഡയറക്ടർ ജനറൽ വൈസ് അഡ്മിറൽ എ എൻ പ്രമോദ്. തുറമുഖങ്ങളും തീരമേഖലയും നാവികസേനയുടെ ശക്തമായ നിരീക്ഷണത്തിലാണെന്നും അദ്ദേഹം ഇന്നലെ

വാർത്താസമ്മേളനത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## ഇന്ത്യ - പാക് - പാർലമെന്റ്

ഇന്ത്യ - പാക് സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ പാർലമെന്റിന്റെ പ്രത്യേക സമ്മേളനം ഉടൻ വിളിക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് എം.പിയും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി. പഹൽഗാം ഭീകരാക്രമണം, ഓപ്പറേഷൻ സിന്ദൂർ, വെടിനിർത്തൽ തുടങ്ങിയവ പാർലമെന്റ് ചർച്ച ചെയ്യണമെന്നുള്ള പ്രതിപക്ഷത്തിന്റെ അഭ്യർത്ഥന, പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് അയച്ച കത്തിൽ ശ്രീ രാഹുൽ ഗാന്ധി അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

PIIU TVPM

## പി.ഐ.ബി ഫാക്ട് ചെക്ക്

ഉധംപൂരിൽ കനത്ത സ്ഫോടനങ്ങൾ ഉണ്ടായെന്നും ജമ്മു കശ്മീരിലെ ചില പ്രദേശങ്ങളിൽ ഡ്രോണുകൾ കണ്ടതായും സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ തെറ്റാണെന്ന് കേന്ദ്രസർക്കാർ. ഇന്ത്യൻ വാർത്താ ചാനലിന്റെ വീഡിയോ ക്ലിപ്പിന്റെ ചെറിയ ഭാഗം ഉദ്ധരിച്ച്, ഇന്ത്യൻ വ്യോമതാവളം നശിപ്പിക്കപ്പെട്ടെന്ന തരത്തിൽ പാകിസ്ഥാൻ നടത്തിയ അവകാശവാദം തെറ്റാണെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം സ്ഥിരീകരിച്ചു. വ്യാജ സന്ദേശങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്നും കൃത്യമായ വിവരങ്ങൾക്ക് ഔദ്യോഗിക സർക്കാർ ഉറവിടങ്ങളെ മാത്രം ആശ്രയിക്കണമെന്നും പിഐബി അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## ഡൽഹി അന്താരാഷ്ട്ര വിമാനത്താവളം

ഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം സാധാരണ നിലയിലായതായി വിമാനത്താവള അധികൃതർ അറിയിച്ചു. എന്നാൽ സുരക്ഷാ നടപടികൾ ശക്തമായി തുടരും. ചില വിമാനങ്ങളുടെ സമയക്രമങ്ങളെ ഇത് ബാധിച്ചേക്കാമെന്നും DIAL പ്രസ്താവനയിൽ പറഞ്ഞു. കൃത്യമായ വിവരങ്ങൾക്ക് ഔദ്യോഗിക അറിയിപ്പുകളെ മാത്രം ആശ്രയിക്കാനും നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&&&&&

## ഡ്രോണുകൾക്ക് വിലക്ക്

തിരുവനന്തപുരം വിമാനത്താവളത്തിന്റെ മൂന്ന് കിലോമീറ്റർ ചുറ്റളവിൽ ഉൾപ്പെടെ തലസ്ഥാനത്തെ വിവിധ മേഖലകളിൽ ഡ്രോൺ പറത്തുന്നതിന് വിലക്ക്. രാജ് ഭവൻ, നിയമസഭ, മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും വസതികൾ, വിഴിഞ്ഞം തുറമുഖം, വി.എസ്.എസ്.സി, ഐ.എസ്ആർ.ഒ തുമ്പ, പാങ്ങോട് സൈനിക ക്യാമ്പ്, ശ്രീപത്മനാഭസ്വാമി ക്ഷേത്രം, പൊലീസ് ഹെഡ്ക്വാർട്ടേഴ്സ് തുടങ്ങിയവയാണ് ഡ്രോൺ നിരോധിത മേഖലകൾ. ഇവിടങ്ങളിൽ രണ്ട് കിലോമീറ്റർ ചുറ്റളവിൽ അനുമതി ഇല്ലാതെ ഡ്രോൺ പറത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് പൊലീസ് അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&&&&

## ദേശീയ ദുരന്ത നിവാരണ അതോറിറ്റി

അജ്ഞാതമായ സ്ഫോടകവസ്തുക്കൾ കണ്ടാൽ ജാഗ്രതപാലിക്കണമെന്ന് ദേശീയ ദുരന്ത നിവാരണ അതോറിറ്റി ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി. എന്തെങ്കിലും അജ്ഞാത വസ്തുക്കൾ കണ്ടാൽ ഉടൻ തന്നെ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളെ അറിയിക്കണമെന്നും എൻ.ഡി.എം.എ നിർദേശിച്ചു.

&&&&&&&&&&&&&&&&&&&&&&

## ഓഹരി- സ്വർണം

ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള സംഘർഷങ്ങൾക്ക് അയവ് വന്നതിനെ തുടർന്ന് ഇന്ത്യൻ ഓഹരി വിപണികളിൽ ശക്തമായ കുതിപ്പ്. സെൻസെക്സ് 2,290 പോയിന്റ് ഉയർന്ന് 81,739 ലും നിഫ്റ്റി 712 പോയിന്റ് നേട്ടത്തിൽ 24,720 ലും വ്യാപാരം തുടരുന്നു.

സ്വർണ വില കുറഞ്ഞു. പവന് 1,320 രൂപ കുറഞ്ഞ് 71,040 രൂപയും, ഗ്രാമിന് 8,880 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&

## അന്താരാഷ്ട്ര നെഴ്സസ് ദിനം

RNU TVPM

ഇന്ന് അന്താരാഷ്ട്ര നഴ്സസ് ദിനം. ആധുനിക നഴ്സിംഗിന്റെ സ്ഥാപകയായ ഫ്ലോറൻസ് നൈറ്റിംഗേലിന്റെ ജന്മദിനമാണ് ലോകമെമ്പാടും നഴ്സസ് ദിനമായി ആചരിക്കുന്നത്. "നമ്മുടെ നഴ്സുമാർ നമ്മുടെ ഭാവി, നഴ്സുമാരുടെ ക്ഷേമം ഉറപ്പാക്കി സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്താം" എന്നതാണ് ദിനാചരണത്തിന്റെ ഈ വർഷത്തെ പ്രമേയം.

&&&&&&&&&&&&&&&&&&&&&&

## നെഴ്സസ് ദിനം-വീണാ ജോർജ്

സംസ്ഥാന നഴ്സസ് ദിനാഘോഷം ആരോഗ്യ മന്ത്രി വീണ ജോർജ് ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. നഴ്സിംഗ് മേഖലയുടെ പുരോഗതിക്ക് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നതെന്ന് മന്ത്രി ദിനാചരണ സന്ദേശത്തിൽ പറഞ്ഞു.

നഴ്സുമാർക്കുള്ള സിസ്റ്റർ ലിനി പുതുശ്ശേരി സംസ്ഥാന അവാർഡുകളും ആരോഗ്യ മന്ത്രി പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&&&&&

## കണ്ണൂർ (ഇൻട്രോ)

ലൈഫ് മിഷൻ സമ്പൂർണ പാർപ്പിട പദ്ധതിയിലും പ്രധാനമന്ത്രി ആവാസ് യോജനയിലും മികച്ച പ്രവർത്തനം കാഴ്ച്ചവെച്ച തദ്ദേശസ്ഥാപനങ്ങളെയും പദ്ധതിക്കായി ഭൂമി സൗജന്യമായി നൽകിയവരെയും നാളെ കണ്ണൂരിലെ എന്റെ കേരളം വേദിയിൽ ആദരിക്കും. മന്ത്രി എം ബി രാജേഷ് ഉദ്ഘാടനം ചെയ്യും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ....

(വോയിസ്)

&&&&&&&&&&&&&&&&&&&&&&

## ധനകാര്യ വകുപ്പ്

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 213.43 കോടി രൂപകൂടി അനുവദിച്ചതായി ധനമന്ത്രി കെ.എൻ.ബാലഗോപാൽ. ഈ സാമ്പത്തിക വർഷത്തെ ജനറൽ പർപ്പസ് ഗ്രാന്റിന്റെ രണ്ടാം ഗഡുവാണ് അനുവദിച്ചത്. ഈ സാമ്പത്തിക വർഷം ആറ് ആഴ്ചയ്ക്കുള്ളിൽ 4,051 കോടി രൂപയാണ് തദ്ദേശ സ്ഥാപനങ്ങൾക്കായി സർക്കാർ അനുവദിച്ചത്.

&&&&&&&&&&&&&&&&&&&&&&

## കാസർകോട് -കുന്നിടിഞ്ഞു

കാസർഗോഡ് ചെറുവത്തൂരിൽ ദേശീയപാത നിർമാണത്തിനിടെ കുന്നിടിഞ്ഞ് അതിഥി തൊഴിലാളി മരിച്ചു. പരിക്കേറ്റ മൂന്ന് പേരെ

RNU TVPM

ആശുപത്രിയിലെത്തിച്ചു. രാവിലെ 11 മണിയോടെയായിരുന്നു അപകടം.

&&&&&&&&&&&&&&&&&&&&&&

## വിരാട് കോഹ്‌ലി

ഇന്ത്യയുടെ ബാറ്റിങ് വിസ്മയം വിരാട് കോലി ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിച്ചു. സമൂഹമാധ്യമത്തിലൂടെയാണ് കോലി വിരമിക്കൽ തീരുമാനം അറിയിച്ചത്. കഴിഞ്ഞവർഷം ടി-ട്വന്റിയിൽ നിന്ന് വിരമിച്ച കോലി ഇനി അന്താരാഷ്ട്ര ക്രിക്കറ്റിൽ ഏകദിനത്തിൽ മാത്രമാണ് ഉണ്ടാവുക.
14 വർഷം നീണ്ട കരിയറിൽ ഇന്ത്യക്കായി 123 ടെസ്റ്റുകൾ കളിച്ച കോലി 30 സെഞ്ച്വറിയുടെ തിളക്കത്തോടെ 9,230 റൺസ് നേടി. ഏഴ് ഇരട്ടസെഞ്ച്വറിയും ഇതിൽ ഉൾപ്പെടുന്നു. ഇന്ത്യയെ ഏറ്റവും കൂടുതൽ ടെസ്റ്റ് ജയങ്ങളിലേക്ക് നയിച്ച ക്യാപ്റ്റനാണ് കളംവിടുന്നത്. തീരുമാനം എളുപ്പമായിരുന്നില്ലെന്നും, എന്നാൽ ഉചിതമാണെന്നും അദ്ദേഹം വിരമിക്കൽ കുറിപ്പിൽ പറഞ്ഞു.

RNUTVPM

&&&&&&&&&&&&&&&&&&&&&&

## ഖേലോ ഇന്ത്യ

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ, 30 സ്വർണ്ണവും 25 വെള്ളിയും ഉൾപ്പെടെ 80 മെഡലുകളുമായി മുന്നേറ്റം തുടർന്ന് മഹാരാഷ്ട്ര. 42 മെഡലുകളുമായി കർണാടക രണ്ടാം സ്ഥാനത്തും 24 മെഡലുകളുമായി രാജസ്ഥാൻ മൂന്നാം സ്ഥാനത്തുമാണ്. ഗെയിംസിന്റെ ഒമ്പതാം ദിവസമായ ഇന്ന് ബോക്സിംഗ്, ടെന്നീസ്, ഫെൻസിംഗ് തുടങ്ങിയ മത്സരങ്ങൾ നടക്കും.

&&&&&&&&&&&&&&&&&&&&&&

## സ്കൂൾ മാർക്കറ്റുകൾ

പുതിയ അദ്ധ്യയനവർഷത്തെ വരവേൽക്കാൻ ഒരുങ്ങുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിലക്കുറവിൽ ലഭ്യമാക്കാൻ സപ്ലൈകോ സ്കൂൾമാർക്കറ്റുകൾ തുറന്നു. സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജി.ആർ.അനിൽ നിർവഹിച്ചു. ഗുണനിലവാരമുള്ള പഠനോപകരണങ്ങൾ മിതമായ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുകയാണ് സ്കൂൾമാർക്കറ്റുകൾ സംഘടിപ്പിക്കുന്നതിലൂടെ ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു. 17 ശതമാനം വരെ വിലക്കുറവാണ് ലഭ്യമാക്കിയിട്ടുള്ളത്. സ്കൂൾ മാർക്കറ്റുകൾ ജൂൺ 30 വരെ പ്രവർത്തിക്കും.

&&&&&&&&&&&&&&&&&&&&&&

## കെ പി സി സി - സണ്ണി ജോസഫ് ചുമതലയേറ്റു

കെപിസിസി അധ്യക്ഷനായി സണ്ണി ജോസഫ് എംഎൽഎ ചുമതലയേറ്റു. കെ.സുധാകരൻ എം.പി സണ്ണി ജോസഫിന് ചുമതല കൈമാറി. കെ.പി.സി.സി വർക്കിംഗ് പ്രസിഡന്റുമാരായി പി.സി.വിഷ്ണുനാഥ് എംഎൽഎ, എ.പി.അനിൽകുമാർ എം.എൽ.എ, ഷാഫി പറമ്പിൽ എം.പി എന്നിവരും യു.ഡി.എഫ് കൺവീനറായി അടൂർ പ്രകാശ് എം.പിയും സ്ഥാനമേറ്റു. തിരുവനന്തപുരത്ത് കെ.പി.സി.സി ആസ്ഥാനത്ത് നടന്ന ചടങ്ങിൽ എ.ഐ.സി.സി സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാൽ, പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ, ശ്രീ രമേശ് ചെന്നിത്തല, കോൺഗ്രസ് പ്രവർത്തക സമിതി അംഗങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു.

RIUTVPM

&&&&&&&&&&&&&&&&&&&&&&

## വേനൽമഴ -നാശനഷ്ടം (ഇൻട്രോ)

വേനൽമഴയിൽ പത്തനംതിട്ട ജില്ലയിൽ രണ്ട് കോടിയിലധികം രൂപയുടെ നഷ്ടമുണ്ടായതായി കണക്ക്. മാർച്ച് മുതൽ

ഇതുവരെയുള്ള കണക്കുപ്രകാരം വാഴകർഷകർക്കാണ് ജില്ലയിൽ കൂടുതൽ കൃഷിനാശം ഉണ്ടായത്. **വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്.ശ്രീധർ.....**

(വോയിസ്)

&&&&&&&&&&&&&&&&&&&&&&

**<u>ആലപ്പുഴ -എന്റെ കേരളം</u>**

സംസ്ഥാന സർക്കാരിന്റെ വാർഷികാഘോഷങ്ങളുടെ ഭാഗമായി ആലപ്പുഴ ബീച്ചിൽ നടക്കുന്ന എന്റെ കേരളം പ്രദർശന വിപണനമേള ഇന്ന് സമാപിക്കും. ഈ മാസം ആറിന് ആരംഭിച്ച മേളയുടെ സമാപന സമ്മേളനം വൈകിട്ട് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. കൃഷി മന്ത്രി പി പ്രസാദ് അധ്യക്ഷനാകും.

RNU TVPM

&&&&&&&&&&&&&&&&&&&&&&

**<u>നന്ദൻകോട് -കൂട്ടക്കൊലപാതകം</u>**

നന്ദൻകോട് കൂട്ടക്കൊലപാത കേസിലെ വിധി ഇന്ന്. ഉച്ചയ്ക്ക് ഒരു മണിയോടെ തിരുവനന്തപുരം ആറാം അഡിഷണൽ ജില്ലാ സെഷൻസ് കോടതി വിധി പറയും. കേസിലെ ഏക പ്രതിയായ കേഡൽ ജിൻസൺ രാജയ്ക്കെതിരെ സാക്ഷി വിസ്താരം നേരത്തെ പൂർത്തിയായിരുന്നു. മാതാപിതാക്കളെയും സഹോദരിയെയും ബന്ധുവിനെയുമാണ് 2017 ഏപ്രിലിൽ കേഡൽ കൊലപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&&&&&

**<u>ഇടുക്കി - മംഗളാദേവി (ഇൻട്രോ)</u>**

ചരിത്ര പ്രസിദ്ധമായ ഇടുക്കി മംഗളാദേവി ക്ഷേത്രത്തിലെ ചിത്രപൗർണമി ഉത്സവത്തിന് തുടക്കമായി. ആയിരത്തിലധികം

വർഷം പഴക്കമുള്ള ക്ഷേത്രത്തിൽ അടുത്തടുത്തായി മംഗളാദേവി പ്രതിഷ്ഠകളുള്ള രണ്ട് ശ്രീകോവിലുകളിലും കേരള - തമിഴ്നാട് രീതികളിലാണ് പൂജകൾ നടക്കുന്നത്. വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....
(വോയിസ്)

&&&&&&&&&&&&&&&&&&&&&&

## വാഹന അപകടം

വയനാട്ടിൽ ദേശീയപാത 766 ൽ കാറും ലോറിയും കൂട്ടിയിടിച്ച്, നാല് പേർക്ക് പരിക്ക്. കർണാടകയിൽ നിന്ന് മണൽ കയറ്റി വന്ന ടോറസ് ലോറിയും മുത്തങ്ങ ഭാഗത്തേക്ക് പോവുകയായിരുന്ന കാറുമാണ് അപകടത്തിൽപെട്ടത്.

&&&&&&&&&&&&&&&&&&&&&&

## ഗുരുവായൂർ ദേവസ്വം - ധനസഹായം

ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും വേദപാഠശാലകളുടെ നവീകരണത്തിനുമായി ഗുരുവായൂർ ദേവസ്വം നൽകുന്ന ധനസഹായ വിതരണത്തിൻ്റെ മൂന്നാം ഘട്ടം കണ്ണൂർ മട്ടന്നൂരിൽ കെ കെ ശൈലജ എം എൽ എ ഉദ്ഘാടനം ചെയ്തു. കാസർകോട്, വയനാട്, കണ്ണൂർ, കോഴിക്കോട് ജില്ലകൾ ഉൾപ്പെടുന്ന വടക്കൻ മേഖലയിലെ ക്ഷേത്രങ്ങൾക്കുള്ള ധനസഹായ വിതരണമാണ് നടന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&

RNU TVPM